# മദ്യനിരോധന സമിതി - ആദ്യഘട്ടം

## 1. അഖിലേന്ത്യാ തലത്തിൽ

1978-ൽ ആണ് കേരള മദ്യനിരോധനസമിതി രൂപീകൃതം ആയത്. അഖിലേന്ത്യാ മദ്യനിരോധനസമിതി ആരംഭിച്ചു 17 വർഷം കഴിഞ്ഞതിനു ശേഷം ആയിരുന്നു ഇത്. ഗാന്ധിജിയുടെ രക്തസാക്ഷിത്വത്തിനു ശേഷം അദ്ദേഹത്തിന് ഏറ്റവും പ്രിയപ്പെട്ട നിർമ്മാണപരിപാടിയായ മദ്യനിരോധനത്തിന് ഉണ്ടായ തിരിച്ചടിയിൽ മനംനൊന്ത ചില ഗാന്ധി ശിഷ്യരായിരുന്നു അഖിലേന്ത്യാ മദ്യനിരോധന സമിതി സ്ഥാപിക്കുന്നതിനു പിന്നിൽ. 1961 സെപ്തംബറിൽ ന്യൂഡൽഹിയിൽ ചേർന്ന അഖില ഭാരത മദ്യനിരോധന സമ്മേളനത്തിൽ വച്ചായിരുന്നു ഇത്. സ്വാതന്ത്ര്യസമര സേനാനിയും അന്നത്തെ മദ്രാസ് മന്ത്രിയും ആയ എം. ഭക്തവത്സലം (1897-1987) ആയിരുന്നു സമ്മേളനാദ്ധ്യക്ഷൻ. ജവഹർലാൽ നെഹ്രുവിന്റെ നേതൃത്വത്തിലുള്ള അന്നത്തെ കേന്ദ്ര സർക്കാർ ഈ സംരംഭത്തിനു ചില ഒത്താശകളും ചെയ്തു കൊടുത്തു. മൊറാർജി ദേശായി, ഡോ. സുശീലാ നയ്യാർ, ഗോകുൽഭായി ഭട്ട് തുടങ്ങിയവർ പ്രസിഡണ്ടു സ്ഥാനത്തും രൂപ് നാരായണൻ കാൽശതാബ്ദത്തിലധികം സെക്രട്ടറി സ്ഥാനത്തും ഇരുന്ന് അഖിലേന്ത്യാ സമിതിയിൽ ആത്മാർത്ഥ സേവനം അനുഷ്ഠിച്ചവരാണ്.

## 2. കേരള മദ്യനിരോധന സമിതി

മദ്യനിരോധനം ഒരു സംസ്ഥാന വിഷയം ആയിരുന്നതു കൊണ്ട്

അഖിലേന്ത്യാ സമിതിയുടെ പ്രവർത്തനങ്ങൾക്കു പരിമിതി ഉണ്ടായിരുന്നു. പക്ഷേ, 1967–ൽ കേളപ്പൻ പയ്യോളിയിലെ മദ്യവിരുദ്ധ സത്യാഗ്രഹം നയിച്ചിരുന്ന കാലത്ത് അഖിലേന്ത്യാ മദ്യനിരോധന സമിതി പ്രസിഡണ്ട് ഡോ.സുശീലാ നയ്യാർ കേരളം സന്ദർശിച്ചെങ്കിലും അന്നും സമിതിയുടെ ഒരു സംസ്ഥാന ഘടകം രൂപീകരിക്കുവാൻ ശ്രമം ഉണ്ടായില്ല. ഇതിനു മുൻകൈ എടുത്തത് മുൻ കേന്ദ്ര മന്ത്രിയും അന്തർദേശീയ പ്രശസ്തി നേടിയ സാമൂഹ്യ പ്രവർത്തകയും ആയ ശ്രീമതി ലക്ഷ്മി എൻ. മേനോനായിരുന്നു. കേരളത്തിലെ സർവോദയ പ്രസ്ഥാനവും ഫാ. കുരിയാക്കോസ് പാറയ്ക്കലിന്റെ നേതൃത്വത്തിലുള്ള മദ്യവർജ്ജനപ്രസ്ഥാനവും ഇതിൽ ആത്മാർത്ഥമായി സഹകരിച്ചു. കോട്ടയം ആയിരുന്നു കേരള മദ്യനിരോധന സമിതിയുടെ ആദ്യത്തെ ആസ്ഥാനം. മദ്യവർജ്ജന പ്രസ്ഥാനം നേരത്തെ തന്നെ അഖിലേന്ത്യാ തലത്തിലുള്ള മദ്യനിരോധനപ്രസ്ഥാനവുമായി സമ്പർക്കം പുലർത്തിയിരുന്നു. കേരള മദ്യനിരോധന സമിതിയുടെ നിയമാവലിയുടെ ആമുഖം ഇങ്ങനെയാണ്: "കേരളത്തിലെ ജനങ്ങളെ മദ്യപാനമെന്ന തിന്മയിൽ നിന്ന് രക്ഷിക്കുക എന്ന ലക്ഷ്യത്തോടെ 1951 മുതൽ പ്രവർത്തിച്ചു വന്നിരുന്ന കേരള മദ്യവർജ്ജന പ്രസ്ഥാനവും (രജി. നമ്പർ 293/1977) 1978–ൽ രൂപം കൊണ്ട അഖിലേന്ത്യാ മദ്യനിരോധന സമിതിയുടെ കേരള ശാഖയും സംയോജിച്ച് അഖിലേന്ത്യാ മദ്യനിരോധനസമിതിയുടെ കേരള ശാഖയായി പ്രവർത്തിക്കുവാൻ നിശ്ചയിക്കുകയും താഴെ ചേർത്തിരിക്കുന്ന നിയമാവലി സ്വീകരിക്കുകയും ചെയ്തു".

## 3. അഖിലേന്ത്യാ സമ്മേളനം

കേരള മദ്യനിരോധനസമിതിയുടെ രൂപീകരണത്തിനു ശേഷം ഈ രംഗത്ത് ആദ്യം നടന്ന ഏറ്റവും പ്രധാനപ്പെട്ട സംഭവം 9–ാം അഖില ഭാരത മദ്യനിരോധന സമ്മേളനം ആയിരുന്നു. 1978 ഒക്ടോബർ 12, 13, 14 എന്നീ തിയതികളിൽ കോട്ടയത്തു കേളപ്പനഗറിൽ (എം.ടി. ഹൈസ്കൂൾ) നടന്ന പ്രസ്തുത സമ്മേളനം കേരളത്തിലെ മദ്യവിരുദ്ധ പ്രസ്ഥാനത്തിനു നവോന്മേഷം പകർന്നു. അഖിലേന്ത്യാ പ്രസിഡന്റ് ഡോ. സുശീലാ നയ്യാർ, ജനറൽ സെക്രട്ടറി രൂപ് നാരായണൻ, രാജസ്ഥാൻ ഗാന്ധി ഗോകുൽഭായി ഭട്ട്, രാജസ്ഥാൻ മദ്യനിരോധന വകുപ്പു മന്ത്രി ഹരി സിങ്ങ് ചൗധ, മദ്ധ്യപ്രദേശ് മദ്യനിരോധന വകുപ്പു മന്ത്രി എസ്. ജി. ധാരിയ

എന്നിവർ ഉൾപ്പെടെ ആയിരത്തോളം പ്രതിനിധികൾ സമ്മേളനത്തിൽ സംബന്ധിച്ചു. പി.സി. ചെറിയാന്റെ നേതൃത്വത്തിലുള്ള സ്വാഗതസംഘ മാണ് സജ്ജീകരണങ്ങൾ നടത്തിയത്. കേരള മദ്യനിരോധന സമിതി പ്ര സിഡണ്ട് ലക്ഷ്മി എൻ. മേനോൻ, ജനറൽ സെക്രട്ടറി സിറിയക് തോമ്മസ് എന്നിവരെ കൂടാതെ കെ.പി.കെ. പിഷാരടി, ഫാ. കുര്യാക്കോസ് പാറയ്ക്കൽ, കെ.എ. മാത്യു, ഏ.എം. തോമ്മസ്, മുൻ ഗുജറാത്ത് ഗവർണ്ണർ കെ.കെ. വിശ്വനാഥൻ, കെ.പി. മാധവൻ നായർ, ഡി.സി. കിഴക്കേമുറി തു ടങ്ങിയ നേതാക്കളും പരിശുദ്ധ കാതോലിക്കാ ബാവാ, വരാപ്പുഴ ആർച്ച് ബിഷപ്പ് ആദിയായ വൈദിക ശ്രേഷ്ഠന്മാരും സമ്മേളനത്തിൽ പങ്കെടു ത്തു. 1981 മാർച്ച് 31ന് മുമ്പ് രാജ്യത്താകമാനം മദ്യനിരോധനം ഏർപ്പെടു ത്തണമെന്നും അതിനു സംസ്ഥാനങ്ങൾ ഉടനടി നടപടികൾ എടുക്കണ മെന്നും യോഗം നിർദ്ദേശിച്ചു. ഗവർണ്ണർ ജ്യോതി വെങ്കടാചലമാണ് സമ്മേ ളനം ഉൽഘാടനം ചെയ്തത്; സമാപന പ്രസംഗം നടത്തിയതു മുഖ്യ മന്ത്രി ഏ.കെ. ആന്റണിയും. രണ്ടുപേരും മദ്യനിരോധനത്തിൽ സജീവ താൽപര്യം പുലർത്തുന്നവരായിരുന്നു.

## 4. ലക്ഷ്മി എൻ. മേനോൻ

കേരള മദ്യനിരോധന സമിതി സ്ഥാപിക്കുമ്പോൾ ലക്ഷ്മി എൻ. മേനോൻ 80-ാം വയസ്സിൽ പ്രവേശിച്ചു കഴിഞ്ഞിരുന്നു. എങ്കിലും സമിതി യുടെ ആദ്യത്തെ പ്രസിഡണ്ട് എന്ന നിലയിൽ അവർ ചുറുചുറുക്കോടെ പ്രവർത്തിച്ചു. പ്രശ്നം സർക്കാരിന്റെയും പൊതുജനങ്ങളുടെയും മുന്നിൽ വയ്ക്കുന്നതിലും സംഘടന കെട്ടിപ്പടുക്കുന്നതിലും അവർ തുടക്കം കുറിച്ചു. 1980-ൽ പ്രസിഡണ്ടു സ്ഥാനം ഒഴിഞ്ഞതിനു ശേഷവും അന്ത്യനിമിഷം വരെ സമിതിയുടെ പരിപാടികളിൽ പങ്കെടുത്തു.

## 5. എം. പി. മന്മഥൻ

കേരള മദ്യനിരോധന സമിതിയുടെ സ്ഥാപക ലക്ഷ്മി എൻ. മേനോൻ ആയിരുന്നെങ്കിൽ അതിന്റെ മുഖ്യശില്പി പ്രൊഫസർ എം.പി.മന്മഥൻ ആയിരുന്നു. 1980 ജൂൺ 28-ാം തിയ്യതി അദ്ദേഹം പ്രസി ഡന്റുസ്ഥാനം ഏറ്റെടുത്തു. കേരളത്തിൽ പൊതുവേ വ്യക്തിവിലാസം

കൊണ്ടും പ്രത്യേകിച്ചും വചോവിലാസം കൊണ്ടും ഏറ്റവും അധികം അറിയപ്പെടുയും ആദരിക്കപ്പെടുകയും ചെയ്തിരുന്ന അദ്ദേഹത്തിന്റെ ആവിർഭാവം സമിതിക്ക് അനുഗ്രഹമായി

ദേഹാസ്വാസ്ഥ്യം നിമിത്തം പ്രൊഫസർ എം.പി. മന്മഥൻ അഖിലേന്ത്യാ മദ്യനിരോധന സമ്മേളനത്തിൽ പങ്കെടുക്കുകയുണ്ടായില്ല. താമസിയാതെ അദ്ദേഹം ആക്ഷൻ കൗൺസിൽ (കർമ്മ സമിതി) കാര്യദർശിയായി രംഗത്തു വന്നു. അതോടുകൂടി പ്രധാന ആസ്ഥാനം കോട്ടയത്തു നിന്നും എറണാകുളത്ത് വളഞ്ഞമ്പലത്തിനടുത്ത് ചിറ്റൂർ റോഡിൽ ഗാന്ധി പീസ് ഫൗണ്ടേഷനിലേക്കു മാറ്റി. കെ. പരമേശ്വര ശർമ്മയെ ആപ്പീസ് സെക്രട്ടറിയായി നിശ്ചയിക്കുകയും ചെയ്തു. പിന്നീട് പ്രൊഫ. മന്മഥൻ പ്രസിഡണ്ട് ആയി. മുഖ്യമന്ത്രി ഏ.കെ. ആന്റണി മദ്യനിരോധനത്തിൽ വ്യക്തിപരമായ താൽപര്യം ഉള്ള ആളായിരുന്നെന്നു പറഞ്ഞല്ലോ. കോൺഗ്രസ്സിൽ അങ്ങനെയുള്ളവർ കുറവായിരുന്നു. പ്രതിപക്ഷം (കമ്മ്യൂണിസ്റ്റുകൾ) മദ്യനിരോധനത്തെ പരസ്യമായി എതിർക്കുകയും ചെയ്തിരുന്നു. ഒരു രാഷ്ട്രീയ കക്ഷിയും മദ്യനിരോധനം നടപ്പിലാക്കാൻ തയ്യാറല്ലാത്ത അന്നത്തെ സാഹചര്യത്തിൽ "ഗാന്ധിജിയുടെ മാർഗ്ഗം അവലംബിച്ചു ജനങ്ങളെ നേരിട്ട് സമീപിക്കാം എന്നാണ് കേരളത്തിലെ മദ്യനിരോധന സമിതി തീരുമാനിച്ചത്". "മദ്യത്തിന്റെ ക്രൂരമായ പിടിയിലമർന്നു പോയ സമൂഹത്തെ അതിൽ നിന്നു മോചിപ്പിക്കാനുള്ള ഒരു ധർമ്മയുദ്ധമാണ് ഞങ്ങൾ മനസ്സിൽ കണ്ടത്. മദ്യഷാപ്പുകൾ സമരം ചെയ്തു പൂട്ടിക്കാനുള്ള തീവ്ര ശ്രമം വേണം. അഹിംസാത്മകശക്തി അതിനുപയോഗിച്ചു നാട്ടിൽ അനുകൂലമായ ജനശക്തി വളർത്തി എടുക്കണം ('സ്മൃതിദർപ്പണം' - എം.പി. മന്മഥൻ).

## 6. കോറ്റാത്തൂർ സമരം

കേരള മദ്യനിരോധനസമിതിയുമായി ബന്ധപ്പെട്ട ആദ്യത്തെ മദ്യവിരുദ്ധ സമരം നടന്നത് കോറ്റാത്തൂർ എന്ന സ്ഥലത്താണ്. ഇന്നത്തെ പത്തനംതിട്ട (അന്നത്തെ കൊല്ലം) ജില്ലയിൽ തിരുവല്ലാ താലൂക്കിന്റെ കിഴക്ക് പമ്പാതീരത്തുള്ള അയിരൂർ പ്രദേശത്തെ ഒരു ഗ്രാമമാണ് കോറ്റാത്തൂർ. ഇവിടെ ദേവാലയങ്ങളുടെയും ഗവൺമെന്റ് ഹൈസ്കൂളിന്റെയും 400

വാര പരിധിക്കുള്ളിൽ 1980 മെയ് 5–ാം തിയ്യതി ഒരു കള്ളുഷാപ്പ് തുടങ്ങി. നാട്ടുകാർ ഇതിനെതിരെ സംഘടിക്കുകയും ബ്രൂസ് തടത്തിൽ എന്ന യുവാവ് കൺവീനർ ആയുള്ള സത്യാഗ്രഹസമിതി സെപ്തംബർ 13–ന് സത്യാഗ്രഹം ആരംഭിക്കുകയം ചെയ്തു. 56–ാം ദിവസം അതായതു നവംബർ 8–ാം തിയ്യതി ഷാപ്പ് അടക്കുകയും സത്യാഗ്രഹം വിജയകരമായി പര്യവസാനിക്കുകയും ചെയ്തു. നാട്ടിൻപുറത്തുകാരായ സാധാരണ ജനങ്ങൾ, പ്രത്യേകിച്ചും സ്ത്രീകൾ, മുൻകൈ എടുത്തു നടത്തിയ ഒരു സഹനസമരമെന്ന നിലയിൽ ഇതൊരു പുതിയ കാൽവെയ്പ്പായിരുന്നു. ജില്ലാ മദ്യനിരോധനസമിതി സെക്രട്ടറി റ്റി.എൻ. നാണു നായർ, താലൂക്ക് പ്രസിഡന്റ് കെ.എ. മാത്യു എക്സ് എം.എൽ.എ. തുടങ്ങിയവർ അവർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നല്കി. കേരള മദ്യനിരോധന സമിതിയുടെ പ്രസിഡന്റ് സ്ഥാനം ജൂൺ മാസത്തിൽ ഏറ്റെടുത്തിരുന്ന പ്രൊഫസർ എം.പി. മന്മഥൻ നവംബർ 2–ാം തിയതി സ്ഥലം സന്ദർശിക്കുകയും പിക്കറ്റിംഗിൽ പങ്കെടുക്കുകയും ചെയ്തതോടെ സമരത്തിന് ഒരു പുതിയ മാനം കൈവന്നു. കഴിഞ്ഞ 18 വർഷത്തിനുള്ളിൽ കേരളത്തിൽ അങ്ങോളമിങ്ങോളം വിജയകരമായി നടന്നിട്ടുള്ള ആയിരത്തോളം പ്രാദേശിക മദ്യവിരുദ്ധ സമരങ്ങൾക്കു മുന്നോടിയായിരുന്നു കോറ്റാത്തൂർ സമരം.

## 7. തിരുവനന്തപുരം സമ്മേളനം

ഏ.കെ. ആന്റണിയെത്തുടർന്ന് 1978 ഒക്ടോബർ ഒടുവിൽ മുഖ്യമന്ത്രിയായ പി.കെ. വാസുദേവൻ നായർ (സി.പി.ഐ.) മദ്യനിരോധനം തങ്ങളുടെ പരിപാടി അല്ലെന്ന് അസന്ദിഗ്ധമായി പ്രഖ്യാപിക്കുകയുണ്ടായി. 1981 ആദ്യം മദ്യ വില്പന സംബന്ധിച്ച നിയമങ്ങൾ ഉദാരമാക്കാൻ ഇ.കെ.നായനാരുടെ നേതൃത്വത്തിലുള്ള കേരള സർക്കാർ തീരുമാനിക്കുകയും ഇതിനെതിരെ പ്രതികരിക്കാൻ കേരള മദ്യനിരോധനസമിതി മുന്നോട്ടു വരുകയും ചെയ്തു. മാർച്ച് 29, 30 എന്നീ തീയതികളിൽ തിരുവനന്തപുരത്ത് ഒരു പ്രതിനിധി സമ്മേളനം (Convention) നടത്താൻ തീരുമാനിച്ചു. ഈ തീരുമാനപ്രകാരം തിരുവനന്തപുരം ശ്രീചിത്രാ ഹിന്ദുമത ഗ്രന്ഥശാലയിൽ നടന്ന സമ്മേളനത്തിൽ 300ൽ പരം പ്രതിനിധികൾ പങ്കെടുത്തു. കാലത്തു 10 മണി മുതൽ രാത്രി 8 മണി വരെ നടന്ന ചർച്ചയിൽ

സമിതിയുടെ വിശ്വാസ പ്രഖ്യാപനം അംഗീകരിച്ചു. 'മദ്യനിരോധനം ലക്ഷ്യവും മാർഗ്ഗവും' എന്ന പേരിൽ ഇത് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പിറ്റേ ദിവസം കാലത്ത് 8 മണി മുതൽ വൈകീട്ട് 5 മണിവരെ നടന്ന കൂട്ട ഉപവാസത്തിൽ 2000ത്തോളം ആളുകൾ പങ്കെടുത്തു. ഉപവാസാനന്തരം 5000ത്തോളം ആളുകൾ മൗനജാഥയായി ഹജൂർ നടയിൽ നിന്ന് മെയിൻ റോഡിലൂടെ ഗാന്ധിപാർക്ക് മൈതാനയിലേക്ക് നീങ്ങി. തുടർന്നു നടന്ന വമ്പിച്ച പൊതുയോഗത്തിൽ ലക്ഷ്മി എൻ.മേനോൻ അദ്ധ്യക്ഷത വഹിച്ചു. ഇൻഡ്യയിലെ മദ്യവിരുദ്ധ പ്രസ്ഥാനനേതാക്കളിൽ അഗ്രഗണ്യനും മുൻ പ്രധാനമന്ത്രിയുമായ മൊറാർജി ദേശായിയാണ് യോഗം ഉൽഘാടനം ചെയ്തത്.

## 8. ആദ്യത്തെ സംസ്ഥാനജാഥ

1981 നവംബർ 7-ന് എടുത്ത ഒരു നിശ്ചയമനുസരിച്ച് സംസ്ഥാന വ്യാപകമായ ഒരു പ്രചരണജാഥ സംഘടിപ്പിക്കപ്പെട്ടു. പിൽകാലത്ത് സമിതി സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും നടത്തിയ നിരവധി വാഹനജാഥകൾക്കു മുന്നോടിയായിരുന്നു ഇത്. 27-ാം തീയതി വൈകുന്നേരം കാഞ്ഞങ്ങാട്ടു വച്ചു ജാഥയുടെ പ്രയാണം ഉൽഘാടനം ചെയ്തതു വടക്കേ മലബാറിലെ മദ്യവിരുദ്ധ പ്രസ്ഥാനത്തിന്റെ ജീവാത്മാവായ മെത്രാൻ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയാണ്. മാഹി വിമോചകൻ ഐ.കെ.കുമാരൻ ജാഥയെ ആശിർവദിച്ചു. എം.പി. മന്മഥൻ, കെ.പി.കെ. പിഷാരടി, ഏ.വി. കോശി, പി.കെ.ബി. നായർ, കെ. പരമേശ്വരശർമ്മ ആദിയായവർ ജാഥാംഗങ്ങളായിരുന്നു. ഹാജി കെ.സി.എം. മേത്തർ, പ്രൊഫസർ ജി. കുമാരപിള്ള തുടങ്ങിയവർ ഇടയ്ക്കും മുറയ്ക്കും ജാഥയിൽ പങ്കെടുത്തു. സംസ്ഥാനത്തിന്റെ മുക്കിലും മൂലയിലും മദ്യനിരോധനസന്ദേശം എത്തിച്ച ജാഥ ഒരു മാസത്തിനു ശേഷം പാറശ്ശാല വഴി ഡിസംബർ 22ന് തിരുവനന്തപുരത്തെത്തി സർക്കാരിനു നിവേദനം നൽകി പിരിഞ്ഞു.

## 9. കെ.സി.എം. മേത്തർ (1906-1982)

ജാഥയും നിവേദന സമർപ്പണവും കഴിയുമ്പോഴേക്കും രണ്ടിലും

ഉത്സാഹിച്ച ഹാജി കെ.സി.എം. മേത്തർ രോഗബാധിതനായി. സമിതിയുടെ ഖജാൻജി എന്ന സ്ഥാനത്തിൽ ഒതുങ്ങുന്നതായിരുന്നില്ല അദ്ദേഹവും സമിതിയുമായുള്ള ബന്ധം. സ്വാതന്ത്ര്യ സമര സേനാനിയും വ്യവസായിയും പുരോഗമനാശയക്കാരനുമായ അദ്ദേഹത്തിനു മദ്യനിരോധനത്തിലുള്ള വിശ്വാസം അചഞ്ചലമായിരുന്നു. അദ്ദേഹം 19.1.1982–ൽ അന്തരിച്ചപ്പോൾ അത് സംഘടനക്കു വലിയ ആഘാതമായി. അദ്ദേഹത്തിന്റെ ചരമദിനം കുടുംബാംഗങ്ങളുടെ സഹകരണത്തോടെ എല്ലാവർഷവും സമിതി ആചരിക്കുന്നു. അദ്ദേഹം സ്ഥാപിച്ച മാസ് ഹോട്ടൽ (എറണാകുളം നോർത്ത്) സമിതിയുടെ ഏതു പരിപാടിക്കും തുറന്നു കിട്ടുന്നു. അദ്ദേഹത്തിന്റെ മകൻ കെ.എം.എ. മേത്തർ ഇന്നു സമിതി ഖജാൻജി ആണ്.

## 10. സന്ദർശനം: ഡോ. നയ്യാർ

31.3.1982–ൽ കൊച്ചിയിലെത്തിയ ഡോ. സുശീലാ നയ്യാർ 5.4.1982 വരെ സംസ്ഥാനത്ത് ഒരു മിന്നൽ പര്യടനം നടത്തി മദ്യവിരുദ്ധ പ്രചരണത്തിന് ആക്കം കൂട്ടി.

## 11. സിവിൽ സപ്ലൈസിൽ മദ്യം

അവശ്യ സാധനങ്ങൾ സഹായ വിലക്കു ബഹുജനങ്ങൾക്കു ലഭ്യമാക്കാൻ വേണ്ടി സ്ഥാപിച്ച സിവിൽ സപ്ലൈസ് കോർപ്പറേഷനിലൂടെ സർക്കാർ നേരിട്ടു മദ്യം വിൽക്കുന്ന അധാർമ്മികമായ ഏർപ്പാട് സമിതിയുടെ പ്രതിഷേധത്തെ ഉണർത്തി. തൽഫലമായി തിരുവനന്തപുരത്ത് പഴവങ്ങാടിയിലുണ്ടായിരുന്ന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മുൻപിൽ 1982 മെയ് 13 മുതൽ 16 വരെ നടത്തിയ ധർണ്ണ ബഹുജനശ്രദ്ധയെ ആകർഷിച്ച ഒരു പരിപാടി ആയിരുന്നു.

## 12. വൈപ്പിൻ ദുരന്തം

പക്ഷെ 1982 മദ്യവിരുദ്ധ പ്രവർത്തകരെ ഇന്നും ഞെട്ടിക്കുന്ന ഒരു പേക്കിനാവിന്റെ വർഷമാണ്. വൈപ്പിൻ ദുരന്തത്തെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. 1982 സെപ്തംബർ 3–ാം തിയ്യതി (1158 ചിങ്ങ മാസത്തിലെ

തിരുവോണക്കാലത്ത്) മദ്യവിഷബാധയേറ്റ് 77 പേർ പിടഞ്ഞു വീണു മരിക്കുകയും അനേകം പേർ അന്ധരോ മറ്റു വിധത്തിൽ വികലാംഗരോ ആവുകയും 650 പേർ അനാഥത്വത്തിലേക്കു നിപതിക്കുകയുമാണ് അന്നുണ്ടായത്. ശ്രീനാരായണ ഗുരുവിനെ സ്മരിക്കേണ്ട ചതയദിനമായിരുന്നു അന്ന് എന്നത് എന്തൊരു വിരോധാഭാസം! ഒൻപതു മാസം മുമ്പ് പുനലൂരിൽ 36 പേരുടെ ജീവൻ അപഹരിച്ച മദ്യദുരന്തത്തെ അവഗണിച്ച സർക്കാരിന്റെ ഹൃദയശൂന്യത ആയിരുന്നു ഇതിനുകാരണം. ഏതായാലും മദ്യദുരന്തത്തെക്കുറിച്ച് അറിഞ്ഞയുടൻ പരിസരത്തു നിന്നും വെളിയിൽ നിന്നും മനുഷ്യസ്നേഹികൾ അടിയന്തിര ദുരിതാശ്വാസ പ്രവർത്തനവുമായി വൈപ്പിൻ ദ്വീപിൽ എത്തി. ഇക്കൂട്ടത്തിൽ മദ്യനിരോധന പ്രവർത്തകരും ഉണ്ടായിരുന്നു. പക്ഷേ മദ്യനിരോധന സമിതി സ്ഥായിയായ പ്രശ്ന പരിഹാരത്തിന് ഊന്നൽ കൊടുക്കാൻ തീരുമാനിച്ചു. ഇതിനായി ഒരു പ്രത്യേക സത്യാഗ്രഹ സമിതി തന്നെ രൂപീകരിച്ചു. സെപ്തംബർ 15, 16, 17 എന്നീ തീയതികളിൽ പ്രൊഫസർ മന്മഥന്റെ നേതൃത്വത്തിൽ ദ്വീപിലുടനീളം മദ്യവിരുദ്ധ പ്രചരണത്തിനായി ഒരു പദയാത്ര സംഘടിപ്പിക്കപ്പെട്ടു. ഈ പദയാത്രയുമായി ഏറ്റുമുട്ടാൻ മദ്യവ്യവസായ തൊഴിലാളി പ്രകടനം ശ്രമിച്ചു എന്നത് ശ്രദ്ധേയമാണ്. സെപ്തംബർ 21-ന് വിപുലമായ ഉപവാസയജ്ഞം സംഘടിപ്പിച്ചു. 26-ാം തിയ്യതി ആരംഭിച്ച ജീപ്പ് ജാഥ 28ന് വ്യാജവാറ്റ് കേന്ദ്രമായ ഗോതുരുത്തിലാണ് അവസാനിച്ചത്. ഗോതുരുത്ത് മാർച്ച് പ്രക്ഷുബ്ധമായ അന്തരീക്ഷത്തിലാണ് നടന്നത്.

1983 സെപ്തബംർ 3ന് (ദുരന്തത്തിന്റെ വാർഷിക ദിനത്തിൽ) മാലിപ്പുറം സെന്റ് പീറ്റേഴ്സ് സ്കൂളിൽ വെച്ച് ഗാന്ധി മാർഗ്ഗ സംഘടനകളുടെ കൺവെൻഷൻ നടന്നു. മുൻ ഗവർണ്ണർ കെ. സി. എബ്രഹാം തലശ്ശേരി മെത്രാൻ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തുടങ്ങിയവർ ഇതിൽപങ്കെടുത്തു. അങ്ങനെ ഒരു വർഷത്തിൽ കൂടുതൽ വൈപ്പിൻദ്വീപിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. എം. പി. മത്തായി, കെ. പമേശ്വരശർമ്മ ജേക്കബ്ബ് വടക്കഞ്ചേരി തുടങ്ങിയ ഗാന്ധി യുവ മണ്ഡലം പ്രവർത്തകർ ഈ സംരംഭത്തിനു നൽകിയ സേവനം പ്രസ്താവ്യമാണ്. പക്ഷെ വൈപ്പിൻ ദ്വീപിനെ മദ്യവിമുക്ത മേഖലയാക്കാൻ സർക്കാർ സമ്മതിച്ചില്ല. ജനങ്ങളുടെയിടയിൽ ബോധവൽക്കരണം ഫലപ്രദം ആയതുമില്ല. പട്ടിയുടെ

വാല് വളഞ്ഞു തന്നെ കിടന്നു. അങ്ങനെയാണ് കൂടുതൽ തീവ്രമായ സമരമാർഗ്ഗങ്ങളെക്കുറിച്ച് ചിന്തിക്കാൻ സമിതി പ്രേരിതമായത്.

## 13. മാസിക, മറ്റു പ്രസിദ്ധീകരണങ്ങൾ

കേരള മദ്യ നിരോധനസമിതിയുടെ ജിഹ്വയായി ഒരു ആനുകാലിക പ്രസിദ്ധീകരണം അത്യന്താപേക്ഷിതമാണെന്ന ബോധത്തോടെ 1982 ആദ്യം ഒരു ന്യൂസ് ബുള്ളറ്റിൻ ആരംഭിച്ചു ഇത് രജിസ്ട്രേഷൻ ഉള്ള മാസികയാക്കാൻ പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിയത് കെ.പി.കെ. പിഷാരടിയാണ്. 1983 ജൂലൈ മാസത്തിലാണ് മാസികയുടെ ആദ്യ ലക്കം പുറത്തുവന്നത്. ആ മാസം 27-ാം തിയതി കേരള ഗർണ്ണർ പി. രാമചന്ദ്രൻ തിരുവനന്തപുരം ഗാന്ധി ഭവനിൽ വെച്ച് 'പ്രോഹിബിഷൻ' മാസിക പ്രകാശനം ചെയ്തു. സാമ്പത്തികവും സംഘടനാപരവും ആയ കാരണങ്ങളാൽ ചിലപ്പോൾ മുടങ്ങാറുണ്ടെങ്കിലും ഇന്നും മദ്യ നിരോധന സന്ദേശം വഹിച്ചുകൊണ്ട് ഇതു നിലകൊള്ളുന്നു. മരണം വരെ പ്രൊഫസർ എം.പി. മന്മഥൻ ആയിരുന്നു മുഖ്യപത്രാധിപർ. അദ്ദേഹത്തിന്റെ കീഴിൽ പത്രാധിപ സ്ഥാനത്ത് ആദ്യം പ്രവർത്തിച്ചത് പ്രൊഫസർ തൃക്കൊടിത്താനം ഗോപിനാഥൻ നായരായിരുന്നു. 1-1-1985 മുതൽ ആ ചുമതല പ്രൊഫസർ ജി.കുമാരപിള്ള പ്രസാധന സമിതി കാര്യദർശി എന്ന നിലയിൽ ഏറ്റെടുത്തു. 1991 ഒക്ടോബർ മുതൽ 1994 ഫെബ്രുവരി വരെ റവ. പി.റ്റി. തോമ്മസ് ആയിരുന്നു കാര്യദർശി. മാർച്ചിൽ പ്രൊഫസർ ജി. കുമാരപിള്ള സഹപത്രാധിപരായും ജയപ്രകാശ് നാരായണൻ മാനേജിംഗ് എഡിറ്ററായും സംവിധാനം പരിഷ്ക്കരിച്ചു. എം.പി. മന്മഥന്റെ ചരമത്തെ തുടർന്ന് മുഖ്യപത്രാധിപരായി പ്രൊഫസർ ജി. കുമാരപിള്ള (സമിതി പ്രസിഡണ്ട്) പ്രവർത്തിച്ചു വരുന്നു. 1991 മുതൽ എല്ലാ വർഷവും ഗാന്ധിജയന്തി വിശേഷാൽ പ്രതിയും ഇറക്കുന്നു. പ്രൊഫസർ എം.പി. മന്മഥന്റെ ചരമം പ്രമാണിച്ചും മൊറാർജി ദേശായിയുടെ ജന്മശതാബ്ദി പ്രമാണിച്ചും വിശേഷാൽ പ്രതികൾ ഇറക്കിയിരുന്നു.

അഞ്ചു ലഘു ഗ്രന്ഥങ്ങളും സമിതി ആദ്യകാലത്ത് തന്നെ പ്രസിദ്ധീകരിക്കുകയുണ്ടായി. ഇവയുടെ പല പതിപ്പുകളിലായി ആയിരക്കണക്കിനു പ്രതികൾ വിറ്റഴിഞ്ഞിട്ടുണ്ട്:- 1. മദ്യനിരോധനം - ലക്ഷ്യവും മാർഗ്ഗവും. 2. മദ്യനിരോധനത്തിനെതിരായ വാദങ്ങളും മറുപടികളും

എം.പി.മത്തായി, 3. ആരും മാനിക്കാത്ത അബ്കാരി നിയമങ്ങൾ – അഡ്വ. എസ്. എൻ. നായർ, 4. മദ്യപാനവും ആരോഗ്യപ്രശ്നങ്ങളും – ഏ.വി.കോശി, 5. മദ്യ നിരോധന സമര ഗാനങ്ങൾ.

## 14. സംഘടന

സംഘടന, പ്രചരണം, സൃഷ്ടിപരപ്രവർത്തനം, സമരം ഈ നാലിന പരിപാടിയാണ് സമിതി സ്വയം മുൻപിൽ വച്ചത്. ഇതിൽ സൃഷ്ടിപര പ്രവർത്തനം മറ്റു സംഘടനകൾക്ക് വിട്ടു കൊടുത്ത് സമിതി അഹിംസാത്മക സമരത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാനാണ് തീരുമാനിച്ചത്. പ്രചരണത്തെക്കുറിച്ച് മുൻഖണ്ഡങ്ങളിൽ പരാമർശിച്ചിട്ടുണ്ട്. സംഘടനാ പ്രവർത്തനവും നിരന്തരം നടന്നു കൊണ്ടിരുന്നു. ഇതിന്റെ ഫലമായി സംസ്ഥാനത്തിന്റെ വിവധ ഭാഗങ്ങളിൽ പ്രാദേശിക ഘടകങ്ങളും അവയ്ക്കു മുകളിൽ ജില്ലാ സമിതികളും അവയ്ക്കു മുകളിൽ സംസ്ഥാന സമിതിയും അതിനു മുകളിൽ നിർവാഹക സമിതിയും അവസാനമായി ഔദ്യോഗിക ഭാരവാഹികളുടെ സംഘവും നിലവിൽ വന്നു. താഴത്തെ തട്ടിൽ നിന്നു തുടങ്ങിയ ആദ്യത്തെ തെരഞ്ഞെടുപ്പ് 15–8–1983–ൽ പൂർത്തിയായി. അതനുസരിച്ചുള്ള ഔദ്യോഗിക ഭാരവാഹികളുടെ പേരു വിവരം താഴെ ചേർക്കുന്നു:–

പ്രൊഫസർ എം.പി. മന്മഥൻ (പ്രസിഡണ്ട്), ഫാ. തോമ്മസ് തൈത്തോട്ടം, ഫാ. കുര്യാക്കോസ് പാറയ്ക്കൽ, ടി.ഒ. ബാവ (വൈസ് പ്രസിഡണ്ടുമാർ) പ്രൊഫസർ പി. കെ.ബി. നായർ (ജനറൽ സെക്രട്ടറി) മാത്യു എം. കണ്ടം, ടി.എൻ. നാണുനായർ (സെക്രട്ടറിമാർ) അഡ്വ. പി.കെ.ഷംസുദ്ദീൻ (ഖജാൻജി). നിർവാഹക സമിതിയിൽ ഇവരെക്കൂടാതെ ലക്ഷ്മി എൻ. മേനോൻ, കെ.പി. മാധവൻ നായർ, കെ. ജനാർദ്ദനൻ പിള്ള, കെ.രാധാകൃഷ്ണ മേനോൻ, പാമ്പൻ മാധവൻ, ജി.എസ്. ധാരാസിങ്ങ്, പ്രൊഫസർ ജി. കുമാരപിള്ള, പ്രൊഫസർ എം.വി. അഗസ്റ്റിൻ, പി.കെ. ബാലകൃഷ്ണപിള്ള, എം.പി. മത്തായി, കെ.പരമേശ്വരശർമ്മ, ജയപ്രകാശ് നാരയണൻ, ഡോ. സിറിയക് തോമ്മസ്, കെ.എം.എ. മേത്തർ എന്നിവർ ഉൾപ്പെട്ടിരുന്നു.

ജില്ലാ പ്രസിഡണ്ടുമാരായി പി.കെ. ഗ്രിഗറി (കണ്ണൂർ), ഫാ.കുര്യാക്കോസ് പാറയ്ക്കൽ (കോട്ടയം), അഡ്വ. എൻ.സുബ്രഹ്മണ്യപിള്ള (എറണാകുളം) അഡ്വ. എ. മുഹമ്മദ് (മലപ്പുറം), നിർമ്മലാനന്ദ യോഗി (പാലക്കാട്) സെക്രട്ടറിമാരായി ജി. സദാനന്ദൻ (തിരുവനന്തപുരം), ടി.എൻ.നാണു നായർ (പത്തനംതിട്ട), ടി.എം. രവീന്ദ്രൻ (കോഴിക്കോട്) സി. ജി. നാരായണപ്പണിക്കർ (ആലപ്പുഴ) കെ.എ.തോമസ് (എറണാകുളം) ജയപ്രകാശ് നാരായണൻ (കോട്ടയം) പി.കെ.ബാലകൃഷ്ണപിള്ള (മലപ്പുറം) എന്നിവരും ഉണ്ടായിരുന്നു.